**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*221.** **12.03.2020 ൽ മറുപടിയ്ക്ക്**

## സ്കൂൾ, കോളേജ് പരിസരങ്ങൾ ലഹരിമുക്തമാക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീമതി.സി.കെ. ആശ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്ന് ഉപയോഗം കൂടിവരുന്നു എന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മയക്ക്മരുന്ന് ഉപയോഗം സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുള്ളതാണ്. |
| (ബി) | വിദ്യാഭ്യാസ വകുപ്പും എക്സൈസ് വകുപ്പും യോജിച്ച് പ്രവർത്തിക്കുന്നത് ഏതൊക്കെ മേഖലകളിലാണെന്ന് വിവരിക്കുമോ; | (ബി) | വിദ്യാർത്ഥികൾക്കിടയിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് എക്സൈസ് വകുപ്പ് സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (സി) | സ്കൂൾ, കോളേജ് പരിസരങ്ങൾ ലഹരി മുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ സ്കൂൾ കോളേജ് പരിസരങ്ങൾ ലഹരി മുക്തമാണെന്ന് ഉറപ്പ് വരുത്തുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും, പി.റ്റി.എ.യുടെയും, പൊതുജനങ്ങളുടെയും, സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ |

| | | | |
|---|---|---|---|
| | | | നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. 2019 വർഷത്തിൽ സ്കൂളുകളുടെയും കോളേജുകളുടെയും പരിസരത്ത് മയക്കുമരുന്ന് ഇടപാട് നടത്തിയതിന് 226 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ ഉൾപ്പെട്ട 119 പേരെ ശിക്ഷിച്ചിട്ടുള്ളതുമാണ്. സ്കൂൾ കോളേജ് പരിസരങ്ങൾ ലഹരിമുക്തമാക്കുന്നതിന് എക്സൈസ് വകുപ്പും വിമുക്തി മിഷനും വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. |
| (ഡി) | വിമുക്തി പദ്ധതി വിജയകരമാക്കുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ഡി) | ഉണ്ട്. സമൂഹത്തിലെ എല്ലാ തലങ്ങളിലും എത്തത്തക്കവണ്ണവും കുട്ടികൾ, യുവാക്കൾ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്ന വിധത്തിലുമാണ് വിമുക്തിയുടെ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. വിവിധങ്ങളായ പരിപാടികൾ ഇത്തരത്തിൽ ആസൂത്രണം ചെയ്ത് നടത്തി വരുന്നു. അവയുടെ ഫലമായി സമൂഹത്തിൽ മയക്കുമരുന്നിനും മദ്യത്തിനുമെതി രായ ഒരു അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഫലപ്രദമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**